പൊതുആവശ്യമായി പരിഗണിക്കുക എന്ന ഭേദഗതി പോലും അംഗീകരിക്കപ്പെട്ടില്ല. പൊതുആവശ്യം എന്ന വ്യവസ്ഥ തന്നെയാണ് വലിയ തിരിച്ചടിയാകാൻ പോകുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് നെൽകൃഷി ചെയ്യുന്ന ഭൂമി പോലും ഏറ്റെടുക്കാൻ പൊതുആവശ്യത്തിലൂടെ കഴിയും. 2008ലെ നിയമത്തിലും ഇതുണ്ടായിരുന്നു. ആറന്മുള വിമനത്താവളമെല്ലാം അങ്ങനെ വന്നതാണ്. പൊതുആവശ്യം എങ്ങനെ നിർണ്ണയിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഏത് പദ്ധതിയും പൊതുആവശ്യമായി വരും എന്നാണ് ഭേദഗതി നിയമം പറയുന്നത്. പൊതുആവശ്യത്തെ അവ്യക്തമായി നിർവ്വചിച്ചുകൊണ്ട് വലിയ രീതിയിലുള്ള വയൽ നികത്തൽ അവർ ലക്ഷ്യം വയ്ക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. നെൽവയൽ സംരക്ഷിക്കാൻവേണ്ടി ഒരു നിയമം നിർമ്മിച്ചെടുക്കാൻ കേരളത്തിലെ കർഷകർക്കും പരിസ്ഥിതി പ്രവർത്തകർക്കും കഴിഞ്ഞു. എന്നാൽ ആ നിയമത്തെ സംരക്ഷിക്കാൻ നമുക്ക് കഴിയാതെപോയി എന്നതാണ് അവസ്ഥ. ■

കേരളത്തിന്റെ നെല്ലറയായ ചിറ്റൂരിനെ പ്രതിനിധീകരിക്കുന്ന

**കെ. കൃഷ്ണൻകുട്ടി എം.എൽ.എ**

# വരുമാനം ഇല്ലാത്തതുകൊണ്ടാണ് നെൽവയൽപോലും വിൽക്കുന്നത്

**നിയമം** കൊണ്ട് മാത്രം നെൽകൃഷിയെ നിലനിർത്താൻ കഴിയില്ല. കൃഷിക്കാരൻ നമുക്കെല്ലാം ഭക്ഷണം തരുന്ന ആളായിട്ടും യാതൊരു അംഗീകാരവും അയാൾക്ക് ലഭിക്കുന്നില്ല. മറ്റെന്തെങ്കിലും ജോലിയിൽ കയറിയാൽ സേവകനാണ്. അതുകൊണ്ടാണ് അവർക്കെല്ലാം എല്ലാത്തരം ആനുകൂല്യങ്ങളും ലഭ്യമാകുന്നത്. മൂന്നുനേരം ഭക്ഷണം തരുന്നവരെ നാം സേവകരായി അംഗീകരിക്കുന്നില്ല എന്നതാണ് സത്യം.

1970ൽ ഒരു കർഷകനുണ്ടായിരുന്ന വരുമാനത്തേക്കാൾ കുറവാണ് ഇന്നത്തെ കർഷകർക്കുള്ള വരുമാനം. മറ്റുള്ളവരുടെ വരുമാനം പതിന്മടങ്ങു വർദ്ധിച്ചിട്ടും കർഷകന്റെ വരുമാനം മാത്രം വർദ്ധിക്കുന്നില്ല. പലപ്പോഴും ആവശ്യത്തിനുള്ള പൈസപോലും കിട്ടുന്നുമില്ല. മറ്റുള്ളവർക്ക് ആയിരവും രണ്ടായിരവും ഇരട്ടി വരുമാനം കൂടുമ്പോൾ കൃഷിക്കാരന് ഇപ്പോഴും തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കൃഷിയിൽ നിന്നും ജീവിക്കാൻ മതിയായ വരുമാനം ലഭിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. അങ്ങനെ വരുമ്പോൾ നിത്യജീവിതത്തിനുവേണ്ടി കർഷകൻ ഘട്ടംഘട്ടമായി കൃഷിസ്ഥലം പോലും വിൽക്കാൻ തുടങ്ങും. പലപ്പോഴും ഈ ഭൂമി വാങ്ങുന്നത് ഭൂമാഫിയകളായിരിക്കും. ആവശ്യത്തിനനുസരിച്ച് അവരത് പതിയെ പരിവർത്തനം ചെയ്യും. പത്ത് ഏക്കർ നെൽകൃഷി ചെയ്താൽ മാസം 10,000 രൂപ പോലും കിട്ടുന്നില്ല. ഈ സ്ഥിതി മാറാതെ നെൽകൃഷി മാത്രമെന്നല്ല മറ്റൊരു കൃഷിക്കും നിലനിൽപ്പുണ്ടാവില്ല. ഒരു ഏക്കർ കൃഷി ചെയ്താൽ ഒരു നിശ്ചിത വരുമാനമുണ്ടാകുമെന്ന പുതിയൊരു നയം വരണം. അത് കിട്ടാതെ വരുമ്പോഴാണ് ഭൂമി വിൽക്കുന്നത്. കൃഷിയുമായി ബന്ധമില്ലാത്ത ആളുകളാണ് മിക്കപ്പോഴും ഈ ഭൂമി വില കൊടുത്തു വാങ്ങുന്നത്. ഇതാണ് വയൽ നികത്തലിന്റെ തുടക്കം. അതുകൊണ്ടുതന്നെ ഇതാണ് ചർച്ച ചെയ്യേണ്ടതും. നിയമം എന്തു പറഞ്ഞാലും നിയമത്തെ മറികടക്കാനുള്ള പഴുതുകൾ സമൂഹം എപ്പോഴും കണ്ടെത്തിക്കൊണ്ടിരിക്കും. അതിനാൽ നെൽകർഷകന് വരുമാനമുണ്ടാകുന്ന ഇടപെടൽ സർക്കാർ നടത്തുകയാണ് വേണ്ടത്. ലാഭമായാലും നഷ്ടമായാലും കർഷകന് വരുമാനം ലഭിക്കണം. എല്ലാ ത്യാഗവും ബുദ്ധിമുട്ടുകളും സഹിച്ച് കർഷകൻ കൃഷി ചെയ്തേ പറ്റൂ എന്ന് പറയുന്നതിൽ എന്തു നീതിയാണുള്ളത്. വരുമാനമില്ലാത്ത മേഖലയായതിനാൽ ആരാണ് കൃഷിയിലേക്കെത്തുക. യുവജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമായ എന്താണീ മേഖലയിലുള്ളത്. പരിസ്ഥിതിപ്രവർത്തകരുടെ മക്കളെപോലും കർഷകമേഖലയിൽ കാണാനില്ല. വൻകിട പദ്ധതികൾ നടപ്പാക്കാൻ വേണ്ടിയായിരിക്കാം നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭൂമി ഒരു പദ്ധതിക്കും വേണ്ടി വിൽക്കാൻ കഴിയാത്ത തരത്തിൽ വയലുകൾക്ക് മൂല്യമുണ്ടാകണം. വൻകിടക്കാരുടെ കോടിക്കണക്കിനു രൂപയുടെ വായ്പയും കടവും എഴുതിതള്ളുന്ന നാം കർഷകന്റെ ആയിരങ്ങൾ എഴുതി തള്ളാതെ അവരെ കടക്കെണിയിലാക്കുന്നു. ■